**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-2026)

## എട്ടാമത് റിപ്പോർട്ട്

**(2024 ജൂലൈ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-19)- യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

മേശപ്പുറത്തുവച്ച കടലാസുകൾ
സംബന്ധിച്ച സമിതി
(2023-2026)

# എട്ടാമത് റിപ്പോർട്ട്

(2024 ജൂലൈ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-19)- യുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്)**

1033/2024.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1-33 |
| അനുബന്ധം I | .. | 34 |
| അനുബന്ധം II | .. | 35 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2023-2026)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. പി. സി. വിഷ്ണുനാഥ്.

അംഗങ്ങൾ:

ശ്രീ. പി.  അബ്ദുൾ ഹമീദ്

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. നൗഷാദ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. വിജിൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എം.എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2024 ജൂലൈ 9-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

പി. സി. വിഷ്ണുനാഥ്,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2024 ജൂലൈ 10.

# റിപ്പോർട്ട്

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി(2016-19) യുടെ രണ്ടാമത് റിപ്പോർട്ട് 2018 ഡിസംബർ 12-ാം തീയതി നിയമസഭയിൽ സമർപ്പിക്കുകയും, റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകളിന്മേലും നിർദേശങ്ങളിന്മേലും അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതികൾ 2-2-2019-ൽ സർക്കാരിലേയ്ക്ക് അയച്ചുകൊടുക്കുകയുണ്ടായി. തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയുടെ ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം വരുത്തിയതും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് വകുപ്പ് കൃത്യമായി പ്രതികരിക്കാത്തതും സംബന്ധിച്ച് 13-12-2017-ൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരുമായി തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതായിരുന്നു പ്രസ്തുത റിപ്പോർട്ട്. ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ഓഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിന് സമിതിയുടെ ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നു.

1) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

2) കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി (ചിയാക്)

3) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

4) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആൻഡ് റിസർച്ച്

5) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ്

6) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

7) കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

8) കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം

9) കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി

10) കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

11) കേരള ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ്

12) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

13) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

14) കേരള ബീഡി, സിഗാർ വർക്കേഴ്സ് വെൽഫെയർ ക്ഷേമനിധി ബോർഡ്

15) ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ഒഡെപെക്)

16) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

17) കേരള ആട്ടോമൊബൈൽ വർക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി

18) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

19) കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫെയർ സ്കീം & കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി

20) കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

21) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദേശങ്ങളിന്മേലും സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളും രണ്ടാം ഭാഗത്ത് ഇനിയും മറുപടി ലഭിക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം I

### റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകൾ നൽകിയ മറുപടിയും

### 1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

ശിപാർശ 9

2016 ജൂലൈ മുതൽ 2017 ജൂലൈ വരെ ബോർഡ് നിലവിലില്ലാതിരുന്നതിനാലാണ് 2014-15, 2015-16 വർഷങ്ങളിലെ റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം ഉണ്ടായതെന്ന വിശദീകരണം ന്യായീകരിക്കാനാവുന്ന കാര്യമല്ലെന്ന് സമിതി വിലയിരുത്തുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കുടിശിക റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്ന് നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2016-17 വർഷത്തെ ഭരണ (പ്രവർത്തന) റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റും 10-1-2019 -ലെ R2/168/2018/തൊഴിൽ നമ്പർ കത്ത് പ്രകാരം സമിതിക്ക് സമർപ്പിച്ചിട്ടുള്ളതാണ്. കർഷക തൊഴിലാളി ക്ഷേമനിധി

ബോർഡിന്റെ പദ്ധതിയുടെ ചട്ടം 46 പ്രകാരം ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ ബോർഡ് അംഗീകരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുകൊണ്ടാണ് റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാക്കാൻ വൈകിയത് എന്ന ക്ഷേമനിധി ബോർഡിന്റെ പരാമർശം തത്വത്തിൽ ശരിയാണ്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും ആയത് പൂർത്തിയായാലുടൻ ഭരണ (പ്രവർത്തന) റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് അറിയിച്ചിട്ടുണ്ട്.

## 2. കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി (ചിയാക്)

ശിപാർശ 10

2012-13 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടുകളുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ ധനകാര്യവകുപ്പിൽ കുടിശികയാണെന്നും അത് കിട്ടിയാൽ മാത്രമേ റിപ്പോർട്ടുകൾ പ്രിന്റ് ചെയ്ത് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂവെന്നും 1033/2024. ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ 13-12-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ ബോധിപ്പിക്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പും തൊഴിൽ വകുപ്പും പരസ്പര വിരുദ്ധമായ മറുപടികളാണ് സമിതിക്ക് ലഭ്യമാക്കിയത്. ചിയാക് ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ യഥാസമയം സമിതിക്ക് സമർപ്പിക്കുന്നതിൽ തൊഴിൽ വകുപ്പ് വീഴ്ച വരുത്തുകയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ചിയാക്കിന്റെ 2012-13 മുതൽ കുടിശികയുള്ള റിപ്പോർട്ടുകളുടെ വിശദവിവരം, റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്നും തൊഴിൽ വകുപ്പിന് ലഭിച്ച തീയതി, തൊഴിൽ വകുപ്പിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയ തീയതി, അച്ചടിച്ച റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണം എന്നിവ വ്യക്തമാക്കുന്ന വിശദമായ മറുപടി ലഭ്യമാക്കണമെന്ന് നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

ചിയാക്കിന്റെ 2015-16 സാമ്പത്തിക വർഷം വരെയുള്ള റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. സ്ഥാപനത്തിന്റെ ഗവേർണിംഗ് ബോഡി പുനഃസംഘടിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഗവേർണിംഗ് ബോഡി പുനഃസംഘടിപ്പിച്ചതിന് ശേഷം വാർഷിക റിപ്പോർട്ട് കാലതാമസം കൂടാതെ സമർപ്പിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ചിയാക്കിന്റെ 2012-13 മുതൽ കുടിശികയുള്ള റിപ്പോർട്ടുകളുടെ വിശദവിവരം, റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്നും തൊഴിൽ വകുപ്പിന് ലഭിച്ച തീയതി തൊഴിൽ വകുപ്പിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയ തീയതി അച്ചടിച്ച റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണം എന്നിവ ചുവടെ ചേർക്കുന്നു.

**2012-13:**

- റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്നും തൊഴിൽ വകുപ്പിന് ലഭിച്ച തീയതി: 14-12-2017.

- തൊഴിൽ വകുപ്പിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയ തീയതി: 18-1-2020.

**2013-14:**

- റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്നും തൊഴിൽ വകുപ്പിന് ലഭിച്ച തീയതി: 10-7-2018.

- തൊഴിൽ വകുപ്പിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയ തീയതി: 5-12-2019

**2014-15:**

- റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്നും തൊഴിൽ വകുപ്പിന് ലഭിച്ച തീയതി: 28-2-2018.

- തൊഴിൽ വകുപ്പിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയ തീയതി: 5-12-2019.

**2015-16:**

- റിപ്പോർട്ടുകൾ സ്ഥാപനത്തിൽ നിന്നും തൊഴിൽ വകുപ്പിന് ലഭിച്ച തീയതി: 20-14-2018.

- തൊഴിൽ വകുപ്പിൽ നിന്നും സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയ തീയതി: 29-11-2019

<u>സമിതിയുടെ വിലയിരുത്തൽ</u>

രണ്ടാമത് റിപ്പോർട്ട് സമർപ്പണ സമയത്ത് (12-12-2018) ചിയാക്കിന്റെ 2011-12 വരെയുള്ള റിപ്പോർട്ടായിരുന്നു സഭയിൽ അവസാനമായി സമർപ്പിച്ചിരുന്നത്. എന്നാൽ 5 വർഷം കഴിഞ്ഞതിന് ശേഷവും റിപ്പോർട്ട് സമർപ്പണത്തിൽ കാര്യമായ പുരോഗതി ഉള്ളതായി കാണുന്നില്ല. നിലവിൽ സ്ഥാപനത്തിന് 2016-17 മുതൽ 7 വർഷത്തെ റിപ്പോർട്ട് കുടിശികയുള്ളതായി കാണുന്നു. സ്ഥാപനത്തിന്റെ റിപ്പോർട്ട് കുടിശിക ഇല്ലാതാക്കുന്നതിന് ഖണ്ഡിക 50 പ്രകാരം നിർദേശം നൽകിയിരുന്നെങ്കിലും പ്രസ്തുത

നിർദേശം പാടെ അവഗണിക്കുന്ന സമീപനമാണ് വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായത്. ഇക്കാരണത്താലാണ് സ്ഥാപനത്തിന്റെ കുടിശിക തീർക്കുന്നതിൽ യാതൊരു പുരോഗതിയും കൈവരിക്കാൻ സാധിക്കാതിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ ഗൗരവം ഉൾക്കൊള്ളാതെയുള്ള വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം അനാസ്ഥ നീതീകരിക്കാനാവില്ലെന്നും കുടിശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിൽ ഇനിയും കാലതാമസം ഉണ്ടാകാതിരിക്കാൻ ഗവൺമെന്റ് തലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## 3. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

ശിപാർശ 11

ഒരു സ്ഥാപനം പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ ആ വിവരം നിയമസഭയെ അറിയിക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കെ.എസ്.ഐ.ഡി.-യെ 1-1-2014 -ൽ KASE - ൽ ലയിപ്പിച്ചതിന്റെയും ആസ്തിബാദ്ധ്യതകൾ ഏതുരീതിയിൽ ക്രമീകരിച്ചുവെന്നതും സംബന്ധിച്ച വിശദമായ റിപ്പോർട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) 17-12-2012-ൽ കൂടിയ രണ്ടാമത് ബോർഡ് മീറ്റിംഗിലാണ് 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് 2008-ൽ രൂപീകൃതമായ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)എന്ന സ്ഥാപനം KASE-ൽ ലയിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയത്. തുടർന്ന് 11-11-2013-ലെ സ.ഉ.(കൈ) നമ്പർ 138/2013/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം (അനുബന്ധം-I). ലയനത്തിന് സർക്കാർ അംഗീകാരം നൽകുകയും KSID എക്സിക്യൂട്ടീവ് ഡയറക്ടറെ തുടർനടപടികൾക്കായി ചുമതലപ്പെടുത്തുകയും ചെയ്തു. 18-2-2014-ൽ കൂടിയ KASE-ന്റെ 6-ാം മത് ബോർഡ് മീറ്റിംഗിൽ KSID-യെ KASE-ൽ ലയിപ്പിക്കുന്നത് സംബന്ധിച്ച ചുവടെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1) 1-4-2014 തീയതി പ്രകാരമുള്ള KSID-യുടെ മുഴുവൻ ആസ്തി ബാധ്യതകളും KASE ഏറ്റെടുക്കാൻ തീരുമാനിച്ചു. (31-3-2014-ലെ ഓഡിറ്റ് ബാലൻസ് ഷീറ്റ് പ്രകാരം).

2) KSID-യെ KASE-ൽ ലയിപ്പിക്കുന്നത് മുതൽ ടി സ്ഥാപനം KASE-ന്റെ ഒരു പ്രോജക്ട് യൂണിറ്റ് ആയി തുടരും. (അപ്രകാരം KSID എന്ന സ്ഥാപനം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്)

3) KSID-യുടെ ഭരണകാര്യങ്ങൾ KASE മാനേജിംഗ് ഡയറക്ടർ മുഖേന നടപ്പിലാക്കും.

4) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കിവരുന്ന ജീവനക്കാരെ തിരിച്ചയക്കാനും എക്സിക്യൂട്ടീവ് ഡയറക്ടറെ അദ്ദേഹത്തിന്റെ സമ്മതം ആവശ്യപ്പെട്ടതിനു ശേഷം തുടരാനും അനുവദിച്ചു.

5) KASE-ന്റെ കൺസൾട്ടന്റ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ KSID-യിൽ നിലവിലുണ്ടായിരുന്ന പ്യൂൺ, നൈറ്റ് വാച്ച്മാൻ, സ്വീപ്പർ എന്നിവരെ തുടരാൻ അനുവദിച്ചു.

KSID-യുടെ പ്രവർത്തനങ്ങൾക്കായി ലഭിച്ച പ്ലാൻ ഫണ്ട് കുണ്ടറ സബ്ട്രഷറി അക്കൗണ്ട് നമ്പർ 1213-ൽ ആയിരുന്നു നിലനിർത്തിയിരുന്നത്.

22-1-2015-ലെ സ.ഉ. (സാധാ) നമ്പർ 100/2015/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം (അനുബന്ധം-II). കുണ്ടറ സബ്ട്രഷറിയിൽ ഉണ്ടായിരുന്ന തുക 16,97,12,792 രൂപ KASE-ന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ TSB A/c No.12-ലേക്ക് ട്രാൻസ്ഫർ ചെയ്യുവാൻ അനുമതി നൽകി. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 9-4-15-ൽ ട്രഷറി ഡയറക്ടർ കുണ്ടറ സബ്ട്രഷറി ഓഫീസർക്ക് നൽകിയ കത്ത് പ്രകാരം കുണ്ടറ സബ്ട്രഷറിയിൽ ഉണ്ടായിരുന്ന തുക KASE-ന്റെ SB A/c No.12-ലേക്ക് ട്രാൻസ്ഫർ ചെയ്തു.

## 4. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആൻഡ് റിസർച്ച്

### ശിപാർശ 13

റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ വയ്ക്കുവാൻ സാധിക്കാത്തതിന് പുറമെ കാലതാമസപത്രിക ലഭ്യമാക്കുന്നതിലും ഭരണ വകുപ്പ് തികച്ചും നിരുത്തരവാദിത്തപരമായിട്ടാണ് പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഭരണവകുപ്പ് മേധാവിയിൽ നിന്നും ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദേശിക്കുന്നു.

### സ്വീകരിച്ച നടപടി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ചിന്റെ 2010-11, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡയറക്ടർ യഥാക്രമം 24-4-2017, 30-10-2017 തീയതികളിൽ സർക്കാരിൽ ലഭ്യമാക്കിയെങ്കിലും ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിരുന്നില്ല.

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച റിപ്പോർട്ട് 15 ദിവസത്തിനകം സമിതിയ്ക്ക് അയച്ചു കൊടുക്കേണ്ടതാണെന്നും ഡിലേ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകാവുന്നതാണെന്നും ഡിലേ സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കിട്ടുവാൻ കാത്തിരിക്കേണ്ടതില്ലായെന്നും കേരള നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)യുടെ, 2017 ഡിസംബർ 13-ാം തീയതിയിൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ നിർദേശം നൽകിയിരുന്നു.

പ്രസ്തുത നിർദേശ പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ചിന്റെ 2010-11, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലെ വാർഷിക റിപ്പോർട്ട് സഭയിൽ 10-1-2018-ൽ സമർപ്പിച്ചിരുന്നു. എന്നാൽ വാർഷിക റിപ്പോർട്ടുകൾ ചട്ടപ്രകാരം അതാതു വർഷം ഡിസംബർ 31-നു മുൻപ് നിയമസഭ സെക്രട്ടേറിയറ്റ് വകുപ്പിൽ ലഭ്യമാക്കേണ്ടതായിരുന്നുവെന്നും, കാലതാമസം നേരിട്ടതിനാൽ പ്രസ്തുത റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതെന്നും ആയതിനാൽ ടി വാർഷിക റിപ്പോർട്ടിന്റെ കാലതാമസം സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റിന്റെ 150 പകർപ്പ് റിപ്പോർട്ടിനൊപ്പം സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി അടിയന്തരമായി ലഭ്യമാക്കുവാൻ നിയമസഭ സെക്രട്ടറിയുടെ 19-1-2018 തീയതിയായ കത്ത് 29-1-2018-ന് സർക്കാരിൽ ലഭിച്ചിരുന്നു.

13-4-2018-ൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ നിന്നും ലഭിച്ച ഡിലേ സ്റ്റേറ്റ്മെന്റ് 23-5-2018-ൽ ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി അംഗീകരിക്കുകയും 30-5-2018-ൽ ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ഒപ്പ് വച്ച ഡിലേ സ്റ്റേറ്റ്മെന്റ് (അസ്സൽ) സഹിതം 150 പകർപ്പുകൾ 6-6-2018-ൽ മാത്രമാണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുവാൻ കഴിഞ്ഞത്.

മേൽ വ്യക്തമാക്കിയ പ്രകാരമുള്ള ഭരണപരമായ കാരണങ്ങളാലുള്ള താമസം മാത്രമേ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുന്നതിൽ വന്നിട്ടുള്ളൂ എങ്കിലും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണ് എന്ന് വ്യക്തമാക്കിക്കൊള്ളുന്നു.

## സമിതിയുടെ വിലയിരുത്തൽ

തെളിവെടുപ്പ് വേളയിൽ സ്ഥാപനത്തിന്റെ 2015-16 വരെയുള്ള റിപ്പോർട്ടുകളായിരുന്നു സഭയിൽ സമർപ്പിച്ചിരുന്നത്. എന്നാൽ 2017-ന് ശേഷം 7 വർഷം കഴിഞ്ഞിട്ടും സ്ഥാപനത്തിന്റെ 2 റിപ്പോർട്ടുകൾ മാത്രമാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. നിലവിൽ സ്ഥാപനത്തിന് 5 വർഷത്തെ റിപ്പോർട്ട് കുടിശികയുണ്ട്. റിപ്പോർട്ട് കൃത്യമായും സമയബന്ധിതമായും സഭയിൽ സമർപ്പിക്കണമെന്ന് സ്ഥാപനത്തിന് നിർദേശം നൽകുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ കുറ്റകരമായ അലംഭാവം മൂലമാണ്

സ്ഥാപനത്തിന്റെ കുടിശിക തീർപ്പാക്കാൻ സാധിക്കാതിരുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായ ഇത്തരം അനാസ്ഥയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം കുടിശിക തീർത്ത് റിപ്പോർട്ട് സമർപ്പണം കൃത്യമാക്കുവാൻ സ്ഥാപനങ്ങൾക്ക് നിർദേശം നൽകണമെന്നും ഇക്കാര്യത്തിൽ വകുപ്പുകൾ കൂടുതൽ ജാഗ്രത പുലർത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## 5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)

ശിപാർശ 15

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ 2014-15 മുതലുള്ള റിപ്പോർട്ടുകൾ സമർപ്പിക്കാനുണ്ടായ കാലതാമസം, റിപ്പോർട്ട് തയ്യാറാക്കുന്നതിലെ ഇപ്പോഴത്തെ അവസ്ഥ, ഇവ എന്നത്തേയ്ക്ക് സമർപ്പിക്കുവാൻ സാധിക്കും എന്നീ വിവരങ്ങൾ പരിശോധിച്ച് വിശദമായ വിവരം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (കിലെ)-യുടെ 2016-17 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടോടുകൂടിയ വാർഷിക ഭരണ റിപ്പോർട്ട് നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ട് പ്രിന്റിംഗിന് നൽകിയിരിക്കുകയാണ്. പ്രിന്റ് ചെയ്ത് ലഭിച്ചാലുടൻ തന്നെ മേൽ വാർഷിക റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതാണ്. 2018-19 വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 28-2-2022 മുതൽ നടന്നു വരികയാണ്. 2019-20 വർഷത്തെ അക്കൗണ്ട്സ് പ്രിപ്പറേഷൻ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. തുടർന്ന് 2020-22 വർഷത്തെ അക്കൗണ്ട്സും പൂർത്തീകരിച്ച് ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അക്കൗണ്ട്സ് തയ്യാർ ചെയ്യുന്നതിനും, വാർഷിക ഭരണ റിപ്പോർട്ട് തയ്യാറാക്കി പ്രിന്റ് ചെയ്ത് കിട്ടുന്നതിനും വന്ന കാലതാമസം കൊണ്ടാണ് ഇപ്രകാരം കുടിശിക വന്നിട്ടുള്ളത്. ആയത് പരിഹരിച്ച് അടുത്ത 2 മാസത്തിനുള്ളിൽ 2020-21 വരെയുള്ള അക്കൗണ്ട്സ് ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള എല്ലാ അടിയന്തരനടപടികളും സ്വീകരിച്ചിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

സ്ഥാപനത്തിന്റെ 2014-15 മുതലുള്ള റിപ്പോർട്ടുകൾ എന്നത്തേയ്ക്ക് സഭയിൽ സമർപ്പിക്കുവാൻ സാധിക്കും എന്ന് ഖണ്ഡിക 15 പ്രകാരം ആവശ്യപ്പെട്ടതിന് 2 മാസത്തിനുള്ളിൽ 2020-21 വരെയുള്ള അക്കൗണ്ട്സ് ആഡിറ്റിന് നൽകുമെന്ന് നടപടി

സ്റ്റേറ്റ്മെന്റിലൂടെ അറിയിച്ചിട്ടും നാളിതുവരെ 2018-19 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കിയിട്ടുള്ളൂ. സമിതിയുടെ നിർദേശം കൃത്യമായി പാലിക്കാതെയുള്ള വകുപ്പിന്റെ ഇത്തരം നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കുടിശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പണം കൃത്യമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## 6. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

ശിപാർശ 17

സ്ഥാപനത്തിന്റെ 2016-17 വരെയുള്ള കുടിശിക റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം സഭയിൽ സമർപ്പിക്കുവാനും കുടിശിക ഒഴിവാക്കുവാൻ സ്വീകരിച്ച നടപടി റിപ്പോർട്ടുകളും വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുവാനും സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ 2016-17 വരെയുള്ള റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായും, കണക്കുകൾ റിവൈസ് ചെയ്യുന്നതിന്റെ ഭാഗമായുമാണ് 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തെ റിപ്പോർട്ടുകൾ നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതെന്നും അറിയിച്ചുകൊള്ളുന്നു.

## 7. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

ശിപാർശ 20

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ 2009-10-ലെ ഭരണ/ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ലഭിച്ച അധികവിവരം സമിതിക്ക് സ്വീകാര്യമായില്ലെന്നും ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിന് എന്ത് മറുപടി നല്കാനുണ്ടെന്നും സമിതി ആരാഞ്ഞു. എന്നാൽ തൊഴിൽ വകുപ്പിന് ഇതു സംബന്ധിച്ച് വ്യക്തമായ മറുപടി നല്കാൻ കഴിഞ്ഞില്ല. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളെക്കുറിച്ചോ സ്ഥാപനത്തിന്റെ നിലവിലെ സ്ഥിതിയെക്കുറിച്ചോ വിശദമാക്കുവാൻ സാധിക്കാത്തത് തൊഴിൽ വകുപ്പിന്റെ അനാസ്ഥയായി സമിതി വിലയിരുത്തുകയും ആയതു സംബന്ധിച്ച വിശദവിവരങ്ങൾ സമയബന്ധിതമായി ഹാജരാക്കുവാനും സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2012-13 സാമ്പത്തിക വർഷത്തെ ഓഡിറ്റിംഗ് നടത്തി റിപ്പോർട്ട് ലഭ്യമായത് 8-9-2015 ൽ മാത്രമാണ്. ടി റിപ്പോർട്ട് 19-2-2016 -ലെ ബോർഡ് അംഗീകരിക്കുകയും സർക്കാരിൽ സമർപ്പിക്കുകയും ആയത് നിയമസഭയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭാസമിതി മുൻപാകെ സമർപ്പിക്കുന്നതിനായി ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ ഗവൺമെന്റിൽ ലഭ്യമാക്കുകയും ആയത് 15-5-2019-ലെ ബി3/63/18/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാസമിതി മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡയറക്ടർ ബോർഡ് നിലവിലില്ലെന്ന കാരണത്താൽ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് വൈകിപ്പിക്കരുതെന്നും ബോർഡില്ലാത്ത പക്ഷം റിപ്പോർട്ടുകൾ തയ്യാറാക്കി അംഗീകാരത്തിനായി ഗവൺമെന്റിൽ സമർപ്പിക്കേണ്ടതാണെന്നും 2015-16 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ 2019 ജൂലൈ മാസത്തിനകം സർക്കാരിൽ സമർപ്പിക്കണമെന്ന നിർദേശം 18-2-2019 -ലെ ബി3/6/തൊഴിൽ നമ്പർ കത്ത് പ്രകാരം ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ടി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2017-18 വരെയുള്ള വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. 2015-16, 2016-17 വർഷങ്ങളിലെ റിപ്പോർട്ടുകൾ യഥാക്രമം 2-9-2019-ലെ ബി3/48/2019/തൊഴിൽ, 9-12-2019 -ലെ ബി3/75/2019/തൊഴിൽ നമ്പർ കത്തുകൾ പ്രകാരം നിയമസഭാസമിതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക/ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭാസമിതി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. 2018-19 വർഷത്തെ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതായി ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ മനപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. ഒരു വർഷത്തെ ഓഡിറ്റ് പൂർത്തിയായാൽ മാത്രമേ അടുത്ത വർഷം ഓഡിറ്റ് തുടങ്ങാൻ സാധിക്കുകയുള്ളെന്ന സാങ്കേതികപ്രശ്നം കൊണ്ടാണ് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത്.

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ച വന്നിരുന്ന പദ്ധതികളായ കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷൻസ് തൊഴിലാളി ക്ഷേമപദ്ധതി, കേരള അലക്ക് തൊഴിലാളി

ക്ഷേമപദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമപദ്ധതി എന്നീ പദ്ധതികൾ 23-2-2017-ലെ സ.ഉ(കൈയ്യെഴുത്ത്) 9/2017 തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനപരിധിയിൽ നിന്നും വിടുതൽ ചെയ്ത് കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന്റെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. ബോർഡ് നിലവിൽ വന്ന സാഹചര്യത്തിലും അംശദായ വർദ്ധനവ് പ്രാബല്യത്തിൽ വരുകയും ചെയ്യുമ്പോൾ ബോർഡിന്റെ മൊത്തത്തിലുള്ള പ്രവർത്തനം മെച്ചപ്പെടുമെന്നാണ് പ്രതീക്ഷ. കൂടാതെ ബോർഡിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന അഞ്ചു പദ്ധതികൾ കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിലേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ ലേബർ വെൽഫെയർ ഫണ്ട് ബോർഡിന് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നതാണ്.

## 8. കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം

ശിപാർശ 21

സ്ഥാപനം 2-2-2016-ൽ പ്രവർത്തനം നിർത്തലാക്കുകയും 2017-ൽ സാമൂഹ്യ സുരക്ഷാ ബോർഡിലേക്ക് ലയിപ്പിക്കുകയും ചെയ്തുവെന്നും 2014-15 വരെയുള്ള ഓഡിറ്റ് ഭരണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും എല്ലാ വിവരങ്ങളും വകുപ്പിനെ അറിയിച്ചിട്ടുള്ളതായും കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. എന്നാൽ പ്രസ്തുത വിഷയങ്ങളൊന്നും തൊഴിൽ വകുപ്പ് നിയമസഭാ സമിതിയെ അറിയിച്ചിട്ടില്ല എന്ന മാത്രമല്ല ആയതിനെക്കുറിച്ച് വ്യക്തമായ മറുപടി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടുമില്ല. കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷ ബോർഡ് എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് മുമ്പുള്ള കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം എന്ന പഴയ സ്ഥാപനത്തിന്റെ എന്നുവരെയുള്ള റിപ്പോർട്ടുകൾ തൊഴിൽ വകുപ്പിന് ലഭിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ, കുടിശിക റിപ്പോർട്ടുകൾ എന്നിവ എന്നത്തേക്ക് സമർപ്പിക്കുവാൻ സാധിക്കും എന്നതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദേശിക്കുന്നു. കൂടാതെ കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം എന്ന സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത് പ്രസ്തുത സ്ഥാപനമാണെന്നും പുതിയ സ്ഥാപനം രൂപീകരിച്ചതിനു ശേഷമുള്ള റിപ്പോർട്ടുകൾ പുതിയ സ്ഥാപനം മുഖേന സമർപ്പിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ ഭരണ വകുപ്പ് ആവശ്യമായ നിർദേശങ്ങൾ നൽകണമെന്നും വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ ഓഫീസുകളും തസ്തികകളും 2-2-2016-ലെ സ.ഉ. (പി) നം.24/2016/തൊഴിൽ (11-2-2016-ലെ 134/2016 എസ്.ആർ.ഒ.)ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റേതാക്കി മാറ്റി പുനർനാമകരണം ചെയ്ത് 23-2-2017-ൽ ഉത്തരവായിരുന്നു. അപ്രകാരം കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയുടെ കുടിശികയായിട്ടുണ്ടായിരുന്ന 2016-17 വരെയുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കാൻ 27-2-2019-ലെ കത്ത് പ്രകാരം അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കുടിശികയായിരുന്ന എല്ലാ വർഷത്തെയും വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ ബോർഡിൽ നിന്നും ലഭ്യമാക്കുകയും ആയത് പരിശോധിച്ച് 2016-17 വരെയുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ, റിപ്പോർട്ട് സമിതിയ്ക്ക് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച റിപ്പോർട്ട് സഹിതം നിയമസഭാ സമിതിയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ് (2016-17 വർഷത്തേത് 15-7-2022-ലെ ആമുഖ കത്ത് സഹിതം സമർപ്പിച്ചിട്ടുണ്ട്.)

**9. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി**

ശിപാർശ 22

2012-13 മുതൽ 2015-16 വരെയുള്ള റിപ്പോർട്ടുകളിൽ ഓഡിറ്റിംഗ് നടന്നു കൊണ്ടിരിക്കുകയാണെന്നും കുറച്ചു ദിവസത്തിനകം അത് പൂർത്തിയാക്കുമെന്നും മുൻ വർഷങ്ങളിലേത് ലഭ്യമാക്കിയതിനുശേഷം 2016-17 വർഷത്തെ റിപ്പോർട്ട് സമർപ്പിക്കാമെന്നും ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, ടെയ്‌ലറിംഗ് ബോർഡ്, മോട്ടോർ ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അഞ്ച് വർഷമായും ഓഡിറ്റിംഗ് നടത്താതിരുന്നത് ഗുരുതര വീഴ്ചയായി സമിതി വിലയിരുത്തുകയും ആയതിന്മേൽ സ്ഥാപനത്തിലെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് തൊഴിൽ വകുപ്പ് വിശദമായ റിപ്പോർട്ട് നൽകുവാനും കുടിശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുവാനും സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

1991-ലെ കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ 2009-10, 2010-11, 2011-12 വർഷങ്ങളിലെ ഭരണ-ആഡിറ്റ് റിപ്പോർട്ടുകൾ 10-6-2013 തീയതിയിൽ ചേർന്ന 272-മത് ബോർഡ് യോഗത്തിലാണ് അംഗീകരിച്ചതെങ്കിലും ബോർഡിൽ കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന

ഉദ്യോഗസ്ഥന് സ്ഥലം മാറ്റം വരുകയും പുതിയതായി സെക്ഷന്റെ ചാർജ്ജ് എടുത്ത ആളിന്റെ ശ്രദ്ധയിൽപെടാതിരിക്കുകയും ചെയ്തതിനാലാണ് ടി റിപ്പോർട്ടുകൾ പ്രിന്റുചെയ്യാനും ബോർഡിൽ നിന്നും സർക്കാരിലേക്ക് സാധൂകരണത്തിനയയ്ക്കാനും കാലതാമസം നേരിട്ടത്. ടി ഭരണ-ഓഡിറ്റ് റിപ്പോർട്ടുകൾ പ്രിന്റ് ചെയ്യുവാൻ കൊടുത്തത് 9-5-2016 തീയതിയിലും ആയവ പ്രിന്റ് ചെയ്ത് ലഭിച്ചത് 9-6-2016-തീയതിയിലുമാണ്. ടി ഭരണ-ആഡിറ്റ് റിപ്പോർട്ടുകൾ 23-7-2016-ൽ സർക്കാരിൽ സാധൂകരണത്തിനായി ലഭിച്ചുവെങ്കിലും അതോടൊപ്പം കാലതാമസപത്രിക ബോർഡിൽ നിന്നും ലഭ്യമാക്കിയിരുന്നില്ല. നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചിരുന്നെങ്കിലും ആയത് ലഭ്യമാകാത്തതിനാൽ 17-1-2017-ന് മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019)-യുടെ തെളിവെടുപ്പ് യോഗം ചേരുന്നതിനാൽ ബോർഡിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കാലതാമസപത്രിക തയ്യാറാക്കുകയും ആയത് സഹിതം 2009-2012 വർഷങ്ങളിലെ ഭരണ-ആഡിറ്റ് റിപ്പോർട്ടുകൾ 11-1-2017-ലെ 1109535/എച്ച്2/16/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

2009-2012 കാലയളവിലെ ഭരണ-ആഡിറ്റ് റിപ്പോർട്ടുകൾ സർക്കാർ അംഗീകാരത്തിന് അയച്ചതിന് ശേഷം മാത്രമേ തുടർന്നുള്ള വർഷങ്ങളിലെ ഓഡിറ്റ് നടപടികൾ തുടങ്ങുവാൻ സാധിക്കുകയുള്ളുവെന്നതിനാലാണ് 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ അഞ്ച് വർഷമായും ആഡിറ്റിംഗ് നടത്താതിരുന്നത്. ഈ വിഷയത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ലാത്തതിനാൽ ആയത് മാപ്പാക്കണമെന്ന് സമിതി മുമ്പാകെ സവിനയം അഭ്യർത്ഥിക്കുന്നു.

കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി-1991- ന്റെ 2012-13 മുതൽ 2015-16 വരെ കാലയളവിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 17-5-2016 തീയതിയിൽ പാലക്കാട് വച്ച് ചേർന്ന 321-ാമത് ബോർഡ് യോഗം തീരുമാനിച്ചതിൻ പ്രകാരം വർമ്മ & വർമ്മ എന്ന സ്ഥാപനം പ്രൊപ്പോസൽ സമർപ്പിച്ചു. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനെ തുടർന്ന് പഴയ ബോർഡ് ഭരണ സമിതി യോഗം ചേരാനായി 20-3-2017-ൽ കണ്ണൂരിൽ ചേർന്ന 322-ാമത് ബോർഡ് യോഗം ടി വിഷയം ചർച്ച ചെയ്യുകയും വർമ്മ & വർമ്മ എന്ന സ്ഥാപനത്തിന് ഓഡിറ്റ് നടത്തുന്നതിനു വേണ്ടിയുള്ള അനുമതി ബോർഡ് നല്കുകയും ചെയ്തു. 12-6-2017 തീയതിയിൽ സ.ഉ (സാധാ)നം.755/2017/തൊഴിൽ ഉത്തരവ് പ്രകാരം വർമ്മ & വർമ്മ എന്ന സ്ഥാപനത്തിന് ഓഡിറ്റ് നടത്തുന്നതിനു ചുമതലപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവ് ലഭിക്കുകയും ടി സ്ഥാപനം 27-1-2018 തീയതിയിൽ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് നല്കുകയും 30-1-2018 തീയതിയിൽ കൂടിയ 332-ാമത് ഭരണ സമിതി യോഗം 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഭരണ-ആഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കുകയും ചെയ്തു.

2012-13 മുതൽ 2015-16 വരെയുള്ള കാലയളവിലെ ഭരണ-ആഡിറ്റ് റിപ്പോർട്ടുകളിൽ ഉള്ള കണക്കുകൂട്ടലിലെ പിശകുകളും അച്ചടി പിശകുകളും തിരുത്തി പുതുക്കിയ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകരിക്കപ്പെട്ട ടി ഭരണ-ആഡിറ്റ് റിപ്പോർട്ടുകളുടെ സി.ഡി.-കളും പുസ്തകരൂപത്തിലുള്ള പകർപ്പുകളും കാലതാമസ പത്രിക സഹിതം 2-6-2018-ൽ സർക്കാരിൽ ലഭ്യമാക്കുകയും 16-6-2018-ലെ എച്ച്2/44/18/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്. 26-12-2018-ലെ 212/സി.പി.എൽ1/2017/നി.സെ. കത്ത് പ്രകാരം മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2016-2019) കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ 2009-10 മുതൽ 2015-16 വരെയുള്ള കാലതാമസ പത്രിക സഹിതം സമർപ്പിച്ച ഭരണ-ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടി അവസാനിപ്പിക്കുകയും ചെയ്തുവെന്നും അറിയിച്ചിട്ടുണ്ട്.

2016-17 കാലയളവിലെ ഓഡിറ്റ് നടപടികൾ 26-3-2018 തീയതിയിലാണ് പൂർത്തീകരിച്ചത്. ടി ഭരണ-ഓഡിറ്റ് റിപ്പോർട്ടുകൾ 26-5-2018 തീയതിയിലെ 338-ാമത് ഭരണ സമിതി യോഗം അംഗീകരിച്ച് സർക്കാർ സാധൂകരണത്തിന് അയയ്ക്കുകയും 29-6-2018-ൽ സർക്കാർ സാധൂകരിച്ച ടി റിപ്പോർട്ടുകളുടെ പ്രിന്റ് ചെയ്ത പകർപ്പുകളും സിഡികളും 6-8-2018 തീയതിയിൽ എച്ച്2/80/18/തൊഴിൽ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്.

2017-18 കാലയളവിലെ സർക്കാർ അംഗീകരിച്ച ഭരണ-ആഡിറ്റ് റിപ്പോർട്ടുകളുടെ സി.ഡി - കളും പ്രിന്റഡ് പകർപ്പുകളും കൂടാതെ കാലതാമസം സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് സഹിതം 10-12-2018-ലെ എച്ച്2/112/2018/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്.

## 10. കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

### ശിപാർശ 23

കുടിശിക റിപ്പോർട്ടുകൾ പൂർത്തീകരിക്കുന്നതിനായി വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ചും അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ വരുന്ന വിഭാഗങ്ങളെക്കുറിച്ചും അടിയന്തരമായി വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

ബോർഡിലെ അംഗതൊഴിലാളികളുടെ പി.എഫ് തുകയിന്മേൽ സർക്കാർ പലിശ നിശ്ചയിച്ച് നൽകുന്ന മുറയ്ക്കാണ് ബോർഡ് ബ്രോഡ്ഷീറ്റ് തയ്യാറാക്കി അംഗീകരിച്ചു നൽകുന്നത്. 2016-17 സാമ്പത്തിക വർഷത്തെ തിരുവനന്തപുരം മേഖലാ ഓഫീസിന്റെ ബ്രോഡ്ഷീറ്റ് ബോർഡ് അംഗീകരിച്ചിട്ടുണ്ടെങ്കിലും മറ്റു മേഖലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ സമർപ്പിച്ചതിൽ അപാകത കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് അടിയന്തരമായി സമർപ്പിക്കുന്നതാണെന്ന് ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. 4-3-2020-ലെ സ.ഉ.(സാധാ)നം.309/2020/തൊഴിൽ, 8-6-2020-ലെ സ.ഉ.(സാധാ)നം.590/2020/തൊഴിൽ, 7-4-2022-ലെ സ.ഉ.(സാധാ)നം.474/2022/തൊഴിൽ എന്നീ ഉത്തരവുകൾ പ്രകാരമാണ് 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ പി.എഫ്. പലിശ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. ടി ഉത്തരവുകൾ പ്രകാരം പ്രസ്തുത വർഷങ്ങളിലെ ബ്രോഡ്ഷീറ്റ് അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് മേഖല വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർക്ക് ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ നിർദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം നേരിട്ടിട്ടുള്ളതിനാലാണ് മുൻ കാലയളവിലെ ബ്രോഡ്ഷീറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് കാലതാമസം വന്നിട്ടുള്ളത് എന്ന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്.

2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആഡിറ്റ്/വാർഷിക റിപ്പോർട്ടുകൾ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗീകാരത്തോടെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

സ്ഥാപനത്തിന്റെ 2014-15-ലെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും 2015-16 - ലേത് ആഡിറ്റ് നടന്നുകൊണ്ടിരിക്കുകയാണെന്നും 2017-18-ലെ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു. പ്രസ്തുത തെളിവെടുപ്പിനു ശേഷം 7 വർഷമായിട്ടും 2015-16 വർഷത്തെ റിപ്പോർട്ട് മാത്രമേ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കിയതായി കാണുന്നുള്ളൂ. കുടിശിക പൂർത്തീകരിക്കുവാൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കണമെന്നും കുടിശിക റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുവാൻ ഒരു സമയപട്ടിക തയ്യാറാക്കണമെന്നും അപ്രകാരം നടപടി സ്വീകരിച്ച് പ്രസ്തുത വിവരം അറിയിക്കണമെന്നും

ഖണ്ഡിക 23, 50 എന്നിവ പ്രകാരം സമിതി നിർദേശം നൽകിയിട്ടും പ്രസ്തുത നിർദേശങ്ങൾ അവഗണിക്കുന്ന സമീപനമാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാലാണ് റിപ്പോർട്ട് സമർപ്പണത്തിലെ ബാക്‌ലോഗ് ഇത്രയും വർഷമായിട്ടും പൂർത്തിയാക്കുവാൻ വകുപ്പിന് സാധിക്കാതിരുന്നത്. റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കണമെന്ന് ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടും ആയത് പാലിക്കപ്പെടുന്നതിൽ വകുപ്പിന്റെ ഭാഗത്തു നിന്ന് ഗുരുതര വീഴ്ച വരുത്തിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതിനോടൊപ്പം സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളണമെന്നും റിപ്പോർട്ട് സമർപ്പണം കൃത്യമാക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## 11. കേരള ഈറ്റ, കാട്ടുവള്ളി ,തഴ ക്ഷേമനിധി ബോർഡ്

ശിപാർശ 24

2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ മൂന്ന് ബോർഡ് യോഗങ്ങളിലായി വച്ചെങ്കിലും അവ പാസ്സാകാതിരുന്നതിനാൽ സമർപ്പിച്ചിട്ടില്ലായെന്നും ഉടൻ തന്നെ പാസ്സാക്കി സമർപ്പിക്കുന്നതാണെന്നും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി. താമസംവിനാ പ്രസ്തുത റിപ്പോർട്ടുകൾ പാസ്സാക്കി അയയ്ക്കുവാനും സ്ഥാപനത്തിന്റെ നിലവിലെ സ്ഥിതി വിവരങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ട് വകുപ്പിനു നൽകുവാനും ആയത് സമയബന്ധിതമായി സഭയിൽ സമർപ്പിക്കുവാനും സമിതി നിർദേശിച്ചു. ആയതിൻപ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ 2014-15 മുതൽ 2016-17 വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും 5-6-2018-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. കുടിശികയില്ലാത്തവിധം റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തു വച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുകയും തുടർന്നും റിപ്പോർട്ടുകൾ വർഷാവർഷം തന്നെ സഭയിൽ സമർപ്പിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

റിപ്പോർട്ടുകൾ വർഷാവർഷം സഭയിൽ സമർപ്പിക്കാൻ ജാഗ്രത പുലർത്താൻ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

## 12. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

ശിപാർശ 27

ബോർഡിന്റെ 2014-15 വരെയുള്ള റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2015-16, 2016-17 വർഷത്തെ റിപ്പോർട്ടുകൾ ആഡിറ്റിംഗ് നടന്നുവരുകയാണെന്നും ചുരുങ്ങിയ സമയത്തിനുള്ളിൽ അവ ലഭ്യമാക്കാമെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

അറിയിച്ചു. സമിതിയുടെ കർശന നിർദേശത്തെ തുടർന്ന് സ്ഥാപനത്തിന്റെ 2014-15-ലെ പ്രവർത്തന റിപ്പോർട്ടും വാർഷിക കണക്കുകളും 30-1-2018-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2015-16 വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കി ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും 18-7-2018-ൽ നിയമസഭ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തെ ഓഡിറ്റ് പൂർത്തിയായിക്കഴിഞ്ഞുവെന്നും 2017-18 -ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടന്നുവരികയാണെന്നും ഇത് പൂർത്തിയായാലുടൻ വാർഷിക റിപ്പോർട്ട് നിയമസഭ മുൻപാകെ സമർപ്പിക്കുന്നതാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്ത വിവരം സമിതി മുൻപാകെ അറിയിക്കുന്നു.

## 13. കേരള ബീഡി, സിഗാർ വർക്കേഴ്സ് വെൽഫെയർ ക്ഷേമനിധി ബോർഡ്

ശിപാർശ 28

സ്ഥാപനത്തിന്റെ 2016-17 -ലെ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാനും റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കുവാനും സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

2016-17-ലെ റിപ്പോർട്ട് 27-5-2020-ലെ ഡി1/55/2020/തൊഴിൽ നമ്പർ കത്തിനൊപ്പം സഭയിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കാൻ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

## 14. ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ഒഡെപെക്)

ശിപാർശ 32

ഒഡെപെക് കൃത്യമായി റിപ്പോർട്ടുകളെല്ലാം വകുപ്പിൽ എത്തിച്ചിട്ടും അത് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തത് വകുപ്പിന്റെ നിരുത്തരവാദിത്വമാണ് വെളിപ്പെടുത്തുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന റിപ്പോർട്ടുകൾ കൃത്യസമയത്ത് സമിതി മുൻപാകെ ലഭ്യമാക്കുന്നതിനുപോലും വകുപ്പ് തികഞ്ഞ അലംഭാവമാണ് കാണിക്കുന്നത്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കുടിശിക റിപ്പോർട്ടുകളെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ്, കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. നമ്മുടെ നാട്ടിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും വിദഗ്ധരും അവിദഗ്ധരും അർദ്ധവിദഗ്ധരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തി ചുരുങ്ങിയ ചെലവിൽ അവരെ ജോലികളിൽ നിയോഗിക്കുക എന്നതാണ് ഈ പൊതുമേഖലാ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം. അയാട്ടാ അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും ഒഡെപെക്കിന് കീഴിൽ പ്രവർത്തിക്കുന്നു.

വിദേശ റിക്രൂട്ട്മെന്റ്, എയർ ടിക്കറ്റിംഗ് എന്നീ മേഖലകൾക്കു പുറമെ പാക്കേജ്ഡ് ടൂർ, ട്രയിനിംഗ്, സ്റ്റഡി എബ്രോഡ് എന്നീ മേഖലകളിൽ കൂടി ഒഡെപെക്ക് പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിൽ വാർഷിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസമാണ് 2014-15 വർഷത്തിലും സംഭവിച്ചത്. ഈ കാലതാമസം 2020-21 സാമ്പത്തികവർഷം വരെ തുടർന്നിരുന്നു. 2019-20 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2020-21 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് നിയമസഭയ്ക്ക് സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് കാലതാമസം കൂടാതെ സമർപ്പിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലും ഇത്തരം കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## 15. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

<u>ശിപാർശ 35</u>

സ്ഥാപനത്തിന്റെ 2015-16 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2015-16 മുതൽ 2018-19 വരെയുള്ള വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ സർക്കാർ നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2019-20 വർഷത്തെ വാർഷിക /ഓഡിറ്റ് റിപ്പോർട്ടുകൾ 160 സി.ഡി.-കളും പുസ്തകരൂപത്തിലുള്ള 10 പകർപ്പുകളും ഉൾപ്പെടെ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ടി ആഡിറ്റ് റിപ്പോർട്ടിന്മേൽ 2006-ലെ കേരള

ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ആക്റ്റ് 6-ാം വകുപ്പിൽ 8-ാം ഉപവകുപ്പ് പ്രകാരമുള്ള വ്യവസ്ഥ പ്രകാരം അംശദായ നിരക്കിനനുസരിച്ച് ഭരണച്ചെലവ് അധികരിച്ചിട്ടുണ്ടോ എന്നതിൽ വിശദീകരണം ലഭ്യമാക്കുവാൻ 21-4-2022-ലെ കത്തിലൂടെ ബോർഡിനോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട് എന്നും ടി ആഡിറ്റ് റിപ്പോർട്ട് ബോർഡ് അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ടി ഓഡിറ്റിംഗ് നടപടികൾ പൂർത്തിയാക്കി ബോർഡിന്റെ അംഗീകാരം ലഭ്യമായ ശേഷം സർക്കാരിലേക്ക് സമർപ്പിക്കുന്നതാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

## 16. കേരള ആട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി

ശിപാർശ 38

സ്ഥാപനത്തിന്റെ 2016-17 -ലെ റിപ്പോർട്ട് അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

2016-17 കാലയളവിലെ ടി ഓഡിറ്റ് നടപടികൾ 19-3-2018 തീയതിയിലാണ് പൂർത്തീകരിച്ചത്. ടി ഓഡിറ്റ് ഭരണ റിപ്പോർട്ടുകൾ 7-5-2018 തീയതിയിലെ 48-ാമത് ഭരണ സമിതി യോഗം അംഗീകരിക്കുകയും 25-5-2018 തീയതിയിൽ സർക്കാരിലേക്ക് സാധൂകരണത്തിനായി അയയ്ക്കുകയും ടി റിപ്പോർട്ടുകൾക്ക് 8-6-2018 തീയതിയിലെ എച്ച്2/77/2018/തൊഴിൽ നമ്പർ കത്ത് പ്രകാരം അംഗീകാരം നല്കുകയും തുടർന്ന് പ്രിന്റ് ചെയ്ത 5 പകർപ്പുകളും 150 സി.ഡി.കളും 6-8-2018 -ലെ എച്ച്2/77/2018/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിയേറ്റിന് സമർപ്പിച്ചിട്ടുമുണ്ട്.

2017-18 കാലയളവിലെ ഭരണ ആഡിറ്റ് റിപ്പോർട്ടുകൾ 13-11-2018 തീയതിയിലെ എച്ച്2/113/18/തൊഴിൽ നമ്പർ കത്ത് പ്രകാരം സർക്കാർ അംഗീകരിച്ച് നല്കുകയും ടി ഭരണ ആഡിറ്റ് റിപ്പോർട്ടുകളുടെ 150 സി.ഡി.കൾ, 5 പ്രിന്റഡ് പകർപ്പുകൾ എന്നിവയും കാലതാമസം സംബന്ധിച്ച നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റുകൾ സഹിതം 10-12-2018-ലെ എച്ച്2/113/18/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിയേറ്റിന് സമർപ്പിച്ചിട്ടുമുണ്ട്.

ടെയ്‌ലറിംഗ് ബോർഡിന്റെ 2016-17 വർഷത്തെ ഭരണ ആഡിറ്റ് റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതം 23-10-2017-ലെ എച്ച്1/144/17/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിയേറ്റിന് സമർപ്പിച്ചിട്ടുമുണ്ട്.

## 17. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

ശിപാർശ 39

സ്ഥാപനത്തിന്റെ 2015-16 വർഷത്തെ റിപ്പോർട്ട് ബോർഡിൽ വച്ചെങ്കിലും കൂടുതൽ ചർച്ച ചെയ്യേണ്ടതുള്ളതിനാൽ അടുത്ത ബോർഡിലേക്ക് മാറ്റിയിരിക്കുകയാണെന്നും 2016-17 വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ചതായും ടെയ്‌ലറിംഗ് ബോർഡ്, മോട്ടോർ ബോർഡ്, ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മറുപടി നൽകി. സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ കാലതാമസപത്രികകൾ ആവശ്യമാണെങ്കിൽ അതുൾപ്പെടെ എത്രയും വേഗം നിയമസഭയിൽ ലഭ്യമാക്കണമെന്ന് സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2015-16 കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് അംഗീകാരത്തിനായി 325, 327, 328, 329, 330 എന്നീ ഭരണ സമിതി യോഗങ്ങളിൽ സമർപ്പിച്ചിരുന്നെങ്കിലും വിശദമായ ചർച്ചയ്ക്കായി മാറ്റി വയ്ക്കുകയായിരുന്നു. തുടർന്ന് 22-12-2017 തീയതിയിലെ 331-ാമത് യോഗത്തിൽ അംഗീകരിച്ച ബോർഡിന്റെ 2015-16 കാലയളവിലെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ 28-12-2017-ന് അംഗീകാരത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ടി ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ 24-3-2018-ലെ എച്ച്2/7/2018/തൊഴിൽ നമ്പർ കത്ത് മുഖേന സർക്കാർ അംഗീകരിക്കുകയും തുടർന്ന് 16-4-2018-ൽ ടി ഭരണ-ഓഡിറ്റ് റിപ്പോർട്ടുകൾ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം സി.ഡി. രൂപത്തിലും പുസ്തകരൂപത്തിലും സർക്കാരിൽ ലഭ്യമായി. 2015-16 കാലയളവിലെ അംഗീകരിച്ച ഭരണ-ഓഡിറ്റ് റിപ്പോർട്ടുകളുടെ സി.ഡി.കളും പുസ്തകരൂപത്തിൽ അച്ചടിച്ച പകർപ്പുകളും കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റും സഹിതം 5-5-2018-ലെ എച്ച്2/7/2018/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2016-17 കാലയളവിലെ ഭരണ ഓഡിറ്റ് റിപ്പോർട്ടുകൾ 30-1-2018-ലെ 332-ാമത് ഭരണസമിതി യോഗം അംഗീകരിക്കുകയും ടി റിപ്പോർട്ടുകൾ 20-3-2018-ൽ സർക്കാരിൽ ലഭ്യമാകുകയും 2016-17 കാലയളവിലെ അംഗീകരിച്ച ഭരണ ഓഡിറ്റ് റിപ്പോർട്ടുകളുടെ സിഡികളും പുസ്തകരൂപത്തിൽ അച്ചടിച്ച പകർപ്പുകളും കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം 16-6-2018-ലെ എച്ച്2/52/18/തൊഴിൽ നമ്പർ കത്ത് പ്രകാരം നിയമസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

ടെയ്‌ലറിംഗ് ബോർഡിന്റെ 2015-16 വർഷത്തെ ഭരണ-ആഡിറ്റ് റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതം 29-7-2017-ലെ എച്ച്1/55/17/തൊഴിൽ പ്രകാരവും 2017-18 വർഷത്തെ ഭരണ-ആഡിറ്റ് റിപ്പോർട്ടുകൾ 28-7-2018-ലെ എച്ച്1/01/18/തൊഴിൽ പ്രകാരവും നിയമസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്.

## 18. കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫെയർ സ്കീം & കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി

ശിപാർശ 44

കേരള സോഷ്യൽ സെക്യൂരിറ്റി ബോർഡിൽ ലയിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി തൊഴിൽ വകുപ്പ് ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്നും റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കുന്നുവെന്നുറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ടും കുടിശിക റിപ്പോർട്ടുകളും അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ ആദ്യ സ്ഥാപനമാണ് നല്കേണ്ടതെന്നതിനാൽ അപ്രകാരം അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി, ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമനിധി പദ്ധതി, ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയുടെ റിപ്പോർട്ട് സമർപ്പിക്കാൻ ലേബർ വെൽഫെയർ ഫണ്ട് ബോർഡിനും കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും നിർദേശം നൽകിയിരുന്നു. ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതി കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിലാണ് നിലനിന്നിരുന്നത് എന്നതിനാൽ കുടിശിക റിപ്പോർട്ട് സമിതിയ്ക്ക് നൽകിയതു സംബന്ധിച്ച വിവരം അറിയിക്കാൻ ടി ബോർഡിനും നിർദേശം നൽകിയിരുന്നു.

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ ലയിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിന് അതത് ബോർഡിലെ ഫിനാൻസ് ഓഫീസർമാരെ ചുമതലപ്പെടുത്തുന്നതിന് തൊഴിലാളി ക്ഷേമ ബോർഡ്, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് എന്നീ ബോർഡുകളുടെ തലവന്മാർക്ക് സർക്കാർ നിർദേശം നൽകിയിരുന്നു.

ടി പദ്ധതിയിൽ ഉൾപ്പെടുന്ന കേരള പാചക തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളെ ചേർക്കുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല എന്ന് ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കേരള ബാർബർ ബ്യൂട്ടീഷൻ ക്ഷേമപദ്ധതിയുടെ 2012-13 മുതൽ 2016-17 വരെയുള്ളതും കേരള അലക്കു തൊഴിലാളി ക്ഷേമപദ്ധതിയുടെ 2011-12 മുതൽ 2016-17 വരെയുള്ളതും കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതിയുടെ 2014-15 മുതൽ 2016-17 വരെയുള്ളതും ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിന്നും സർക്കാരിൽ ലഭ്യമാക്കാനുണ്ട്. ടി മൂന്ന് പദ്ധതികളുടെയും ജില്ലാ ഓഫീസിൽ ഉൾപ്പെടെയുള്ള രജിസ്റ്ററുകളും മറ്റ് റെക്കോർഡുകളും 2017 വർഷം പുതിയ ബോർഡിലേയ്ക്ക് കൈമാറി നല്കിയിരുന്നുവെന്നും ആയത് തിരികെ വാങ്ങി ഓഡിറ്റ് നടത്തേണ്ടതിനാലാണ് റിപ്പോർട്ട് വൈകുന്നതെന്നും ചാർട്ടേർഡ് അക്കൗണ്ടന്റ് ഉടനെ റിപ്പോർട്ട് ബോർഡിലേയ്ക്ക് നൽകുന്ന മുറയ്ക്ക് ടി റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാക്കുന്നതാണ് എന്നും ലേബർ വെൽഫെയർ ഫണ്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതിയുടെ 2011-12 മുതൽ ടി പദ്ധതി പുതിയ ബോർഡിലേയ്ക്ക് കൂട്ടിച്ചേർത്ത 2018 മേയ് 9-ാം തീയതിവരെയുള്ള വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻസ് തൊഴിലാളി ക്ഷേമപദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നീ പദ്ധതികൾ 2-2-2016-ലെ സർക്കാർ ഉത്തരവ് സ.ഉ.(അച്ചടി)നം.24/2016/തൊഴിൽ ഉത്തരവ് പ്രകാരം അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ കൂട്ടിച്ചേർക്കപ്പെട്ടു. 31-12-2019 തീയതിയിൽ പെൻഷൻ ഫയലുകൾ ഉൾപ്പെടെയുള്ള ഫയലുകൾ പുതിയ ബോർഡിലേയ്ക്ക് കൈമാറ്റം ചെയ്തു. പെൻഷൻ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് 10-11-2020 തീയതിയിലും അഡ്മിനിസ്ട്രേഷൻ അക്കൗണ്ടുകൾ, അംശാദായ അക്കൗണ്ടുകൾ എന്നിവ ക്ലോസ് ചെയ്ത് 15-3-2022 തീയതിയിലും പുതിയ ബോർഡിലേയ്ക്ക് നൽകിയിട്ടുണ്ട്. ബാർബർ ബ്യൂട്ടീഷൻ ക്ഷേമപദ്ധതിയുടെ 700 രൂപയുടെ 140 സ്റ്റാമ്പുകളും സ്റ്റാമ്പ് രജിസ്റ്ററും 13-3-2018 തീയതിയിൽ പുതിയ ബോർഡിലേയ്ക്ക് നൽകിയിട്ടുണ്ട്.

ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി 2-2-2016-ലെ സ.ഉ.(അച്ചടി) നം.24/2016/തൊഴിൽ ഉത്തരവ് പ്രകാരം അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ കൂട്ടിച്ചേർക്കപ്പെട്ടു. ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതിയുടെ ഫയലുകളും രജിസ്റ്ററുകളും 15-3-2018 തീയതിയിൽ അസംഘടിത തൊഴിലാളി ക്ഷേമനിധി

ബോർഡിലേയ്ക്ക് കൈമാറിയിട്ടുണ്ട്. പെൻഷൻ, അഡ്മിൻ ഫണ്ട് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് 14-8-2018-ൽ ബോർഡിന് കൈമാറിയിട്ടുണ്ട്. ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതിയിലെ 1925 രൂപയുടെ 3785 സ്റ്റാമ്പുകളും സ്റ്റാമ്പ് രജിസ്റ്ററും 15-3-2018 തീയതിയിൽ സാമൂഹ്യസുരക്ഷാ ബോർഡിന് നൽകിയിട്ടുണ്ട്.

### 19. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

ശിപാർശ 45

2010-ൽ ആണ് ബോർഡ് നിലവിൽ വന്നതെന്നും ട്രാൻസാക്ഷൻ അധികമൊന്നും ഇല്ലായെന്നും സാങ്കേതികമായിട്ടുള്ള ഓഡിറ്റിംഗ് മാത്രമേയുള്ളൂ എന്നും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉദ്യോഗസ്ഥ അറിയിച്ചു. സ്ഥാപനത്തിന്റെ 2014-15 മുതലുള്ള റിപ്പോർട്ടുകൾ എത്രയും വേഗം ലഭ്യമാക്കുവാൻ സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് 2010-11 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ബോർഡ് യോഗത്തിൽ വച്ച് അംഗീകാരം ലഭിച്ചതിനുശേഷം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ പ്രൈവറ്റ് ഓഡിറ്റ് നടന്നുവരുന്നുണ്ടെന്നും റിപ്പോർട്ട് ലഭിച്ചയുടൻ തന്നെ സമർപ്പിക്കുന്നതാണെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സമിതിയുടെ വിലയിരുത്തൽ

സ്ഥാപനത്തിന്റെ 2014-15 മുതലുള്ള റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് രണ്ടാമത് റിപ്പോർട്ടിലൂടെ സമിതി കർശന നിർദേശം നൽകിയിട്ടും 5 വർഷങ്ങൾക്ക് ശേഷവും 2017-18 വരെയുള്ള റിപ്പോർട്ടുകൾ മാത്രമേ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കിയിട്ടുള്ളൂ. സമിതിയുടെ നിർദേശം പാലിക്കുന്നതിൽ വകുപ്പ് ഗുരുതര വീഴ്ച വരുത്തിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്ഥാപനത്തിന്റെ 2018-19 മുതലുള്ള റിപ്പോർട്ടുകൾ എത്രയും വേഗം സഭയിൽ സമർപ്പിക്കണമെന്ന് അറിയിക്കുന്നതിനോടൊപ്പം വകുപ്പിന്റെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നത് ഉത്തരവാദിത്വമുള്ള ഒരു വകുപ്പിന് ഭൂഷണമല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

## പൊതുവായ ശിപാർശകൾ

### ശിപാർശ 49

വാർഷിക /ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ ബോർഡില്ലായെന്നത് ഒരു ന്യായീകരണമായി അംഗീകരിക്കാനാവില്ലെന്നും അത്തരം സന്ദർഭങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാരിൽ നിന്നും ആവശ്യമായ നിർദേശങ്ങൾ നൽകണമെന്നും ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

**1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

റിപ്പോർട്ടിലെ ഖണ്ഡിക 49 -ലെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നിർദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ വാർഷിക/ആഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ ബോർഡില്ലാത്ത അവസരങ്ങളുണ്ടായാൽ സർക്കാരിൽനിന്നും ആവശ്യമായ നിർദേശങ്ങൾ ബോർഡിന് നൽകുന്നതാണ്.

**2. തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

31-10-2016 -ലെ സ.ഉ(അച്ചടി) നമ്പർ 173/2016/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലും, 29-1-2019 -ലെ സ.ഉ(അച്ചടി) നമ്പർ 13/2019/തൊഴിൽ നമ്പർ ഉത്തരവു പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലും, 4-6-2018 -ലെ സ.ഉ.(അച്ചടി) നമ്പർ 33/2018/തൊഴിൽ നമ്പർ ഉത്തരവും പ്രകാരം കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലും ഡയറക്ടർ ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡും 2017-18 വരെയുള്ള വാർഷിക ഭരണ റിപ്പോർട്ടും കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് 2016-17 വരെയുള്ള വാർഷിക ഭരണ റിപ്പോർട്ടും നിയമസഭ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. വാർഷിക ഭരണ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ഡയറക്ടർ ബോർഡിന്റെ അനുമതി വേണമെന്നാണ് ബന്ധപ്പെട്ട ആക്ടിൽ അനുശാസിക്കുന്നത്. ഡയറക്ടർ ബോർഡ് രൂപീകരിക്കാൻ ഉണ്ടായ കാലതാമസമാണ് വാർഷിക ഭരണ റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കുന്നതിന് വൈകാൻ ഉണ്ടായ കാരണം. ഈ വിഷയത്തിൽ ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടില്ല.

ബോർഡ് നിലവിലുള്ള സാഹചര്യത്തിൽ വരും വർഷങ്ങളിലെ റിപ്പോർട്ട് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.

### 3. തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

ഡയറക്ടർ ബോർഡില്ലാത്ത സന്ദർഭങ്ങളിൽ സർക്കാർ അംഗീകാരം വാങ്ങി റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ബോർഡിന് കർശന നിർദേശം നൽകിയിട്ടുണ്ട്.

### 4. തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും ബോർഡിന്റെ അംഗീകാരത്തോടെയാണ് സർക്കാരിൽ സമർപ്പിക്കേണ്ടത് എന്ന് ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാലാണ് പലപ്പോഴും റിപ്പോർട്ടുകൾ സമർപ്പിക്കാൻ വൈകുന്നത്. എന്നാൽ കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായും, കമ്മിറ്റിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, ഡയറക്ടർ ബോർഡ് നിലവിലില്ലാത്ത സന്ദർഭങ്ങളിൽ റിപ്പോർട്ടുകൾ തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്ന നിർദേശം കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് എന്നീ ബോർഡുകൾക്കും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആന്റ് റിസർച്ചിനും നൽകിയിട്ടുണ്ട്.

### 5. തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

കേരള കൈത്തറി തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഖണ്ഡിക 25(1) -ൽ ആഡിറ്റ്/ഭരണ റിപ്പോർട്ടുകൾ ബോർഡ് യോഗം അംഗീകരിച്ച ശേഷമാണ് സർക്കാരിന് സമർപ്പിക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ബോർഡ് ലഭ്യമാക്കിയിരിക്കുന്ന വിശദീകരണത്തിൽ തെറ്റില്ല. ബോർഡിന്റെ 2016-17, 2017-18 വർഷങ്ങളിലെ റിപ്പോർട്ടുകളാണ് സമർപ്പിക്കുവാൻ ശേഷിക്കുന്നത്. ഇവ സമർപ്പിക്കുന്നതിനുള്ള തീവ്രശ്രമം ബോർഡ് നടത്തിവരികയാണ്.

<u>സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ തെറ്റും ശരിയുമല്ല സമിതി ചൂണ്ടിക്കാട്ടിയത്; ബോർഡില്ലാത്തതിനാൽ സ്ഥാപനം പ്രവർത്തിക്കാത്ത സാഹചര്യമുണ്ടോ ഇല്ലെങ്കിൽ അത്തരം സന്ദർഭങ്ങളിലെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാരിന് എന്തെല്ലാം നടപടി സ്വീകരിക്കുവാൻ സാധിക്കും എന്ന് ലഭ്യമാക്കാനാണ് ശിപാർശയിലൂടെ സമിതി ലക്ഷ്യമിട്ടിരുന്നത്.</u>

<u>ശിപാർശ 50</u>

പല സ്ഥാപനങ്ങളുടെയും റിപ്പോർട്ടുകൾ കുടിശികയായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഒരിക്കൽ കുടിശികയുണ്ടായാൽ അതൊഴിവാക്കുന്നതിന് സാധിക്കാതെ വരുന്നതായി സമിതിയ്ക്ക് ബോധ്യപ്പെട്ടു. ആയതിനാൽ നിലവിൽ കുടിശികയായിട്ടുള്ള

റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് സമയപ്പട്ടിക തയ്യാറാക്കി അതനുസരിച്ചുള്ള നടപടി സ്വീകരിക്കണമെന്നും ഇതിനായി ഭരണവകുപ്പിൽ സംവിധാനം ഏർപ്പെടുത്തണമെന്നും സ്വീകരിച്ച നടപടി സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

**1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2017-18 വർഷത്തെ റിപ്പോർട്ട് മാത്രമേ സമർപ്പിക്കാൻ ശേഷിക്കുന്നുള്ളൂ. ആയത് സമർപ്പിക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് പുരോഗമിക്കുകയാണ്.

**2. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ**

ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കുന്നതിനായി നോഡൽ ഓഫീസർമാരെ KASE-ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയുള്ള എല്ലാ സാമ്പത്തിക വർഷങ്ങളിലെയും ഓഡിറ്റ് റിപ്പോർട്ട് KASE സമർപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിലെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതാണ്.

**3. തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് എന്നിവ സമയബന്ധിതമായി സർക്കാരിൽ സമർപ്പിക്കുന്നതിനായി നോഡൽ ഓഫീസർമാരെ KASE-ൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു വരെയുള്ള എല്ലാ സാമ്പത്തിക വർഷങ്ങളിലെയും ഓഡിറ്റ് റിപ്പോർട്ട് KASE സമർപ്പിച്ചിട്ടുണ്ട്. വരും വർഷങ്ങളിലെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നതാണ്.

**4. തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആൻഡ് റിസർച്ചിന്റെ 2017-18 വർഷം വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭ സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2018-19 -ലെ റിപ്പോർട്ട് 2019 ആഗസ്റ്റ് 31 -നകം ലഭ്യമാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ 2015-16 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ 2019 ജൂലൈ 31-നകം സർക്കാരിൽ ലഭ്യമാക്കുന്നതാണെന്ന് ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. കൂടാതെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന

അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികളുടെ 2015-16 വരെയുള്ള വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ 2019 ഏപ്രിൽ 30- നകവും, 2016-17, 2017-18 വർഷങ്ങളിലെ റിപ്പോർട്ടുകൾ 2019 ജൂൺ 30-നകവും, 2018-19 -ലെ റിപ്പോർട്ട് 2019 ആഗസ്റ്റ് മാസത്തിലും സർക്കാരിൽ ലഭ്യമാക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ടെന്ന വിവരം സമിതി മുൻപാകെ സമർപ്പിക്കുന്നു.

### 5. തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് നിലവിൽ കുടിശിക ഇല്ല. കുടിശിക റിപ്പോർട്ടുകൾ മൂന്ന് മാസത്തിനകം സമിതിക്ക് ലഭ്യമാക്കുവാൻ ഈ വകുപ്പിന് കീഴിലുള്ള കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന് നിർദേശം നൽകിയിട്ടുണ്ട്.

### 6. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

2017-18 വർഷത്തിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ബോർഡ് യോഗത്തിൽ വച്ച് അംഗീകാരം ലഭിച്ചതിനു ശേഷം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ പ്രൈവറ്റ് ഓഡിറ്റ് നടന്നുവരുന്നുണ്ടെന്നും റിപ്പോർട്ട് ലഭിച്ചയുടൻതന്നെ സമർപ്പിക്കുന്നതാണെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### 7. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2018-19 സാമ്പത്തിക വർഷത്തെ പ്രവർത്തന ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കുന്നതിനായി 16-6-2020 തീയതിയിൽ നിയമസഭയ്ക്ക് അയച്ചിട്ടുണ്ട്.

### 8. തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

ഈ വകുപ്പിനു കീഴിലുള്ള കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡും, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡും 2017-18 വരെയുള്ള വാർഷിക ഭരണ റിപ്പോർട്ടും കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് 2016-17 വരെയുള്ള റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. 2017-18 -ലെ വാർഷിക ഭരണ റിപ്പോർട്ട് താമസംവിനാ സമർപ്പിക്കുവാൻ കേരള ചുമട്ടു തൊഴിലാളി ചീഫ് എക്സിക്യൂട്ടീവിന് നിർദേശം നൽകുകയും താമസംവിനാ റിപ്പോർട്ട് സമർപ്പിക്കുമെന്ന് ബോർഡ് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ 52

തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന വിവിധ ക്ഷേമനിധി ബോർഡുകൾ/കോർപ്പറേഷനുകൾ എന്നിവയെ ലയിപ്പിച്ച് സോഷ്യൽ സെക്യൂരിറ്റി ബോർഡ് രൂപീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു. പ്രസ്തുത സ്ഥാപനത്തിലേക്ക് എന്നു മുതൽ ഏതൊക്കെ സ്ഥാപനങ്ങൾ ലയിപ്പിച്ചു, ലയിപ്പിക്കുന്നതിനുമുമ്പുണ്ടായിരുന്ന സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഴയ സ്ഥാപനങ്ങളുടെ കുടിശിക റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കണമെന്നും അത് പഴയ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണെന്നും അതിന് പുതിയ സ്ഥാപനത്തെ ചുമതലപ്പെടുത്തേണ്ടതില്ലെന്നും സമിതി നിർദേശിക്കുന്നു.

സ്വീകരിച്ച നടപടി

2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വ ആക്റ്റിലെ (2008-ലെ 33-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ ചട്ടങ്ങളിലെ 4-ാം ചട്ടം (1)-ാം ഉപചട്ടവും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ടും ഇത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളെയും പദ്ധതികളെയും അതിലംഘിച്ചു കൊണ്ടും കേരള സർക്കാർ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി ഒരു പദ്ധതി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും ചുവടെ ചേർക്കും പ്രകാരമുള്ള 6 പദ്ധതികൾ കൂട്ടിച്ചേർത്ത് 2-2-2016-ലെ സ.ഉ.(അച്ചടി)നമ്പർ.24/2016/തൊഴിൽ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിക്കുകയും ചെയ്തു.

i) 20-3-1991-ലെ ജി.ഒ. (പി)21/91/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള "1991-ലെ കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി" .

ii) 20-1-2011-ലെ സ.ഉ. (സാധാ) 8/2011/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള " 2011-ലെ കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതി" .

Iii) 27-1-2011-ലെ സ.ഉ. (സാധാ)9/2011/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള " 2011-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി" .

iv) 3-1-2004-ലെ സ.ഉ. (അച്ചടി) 1/04/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള " 2004-ലെ കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി" .

v) 3-1-2004-ലെ സ.ഉ. (അച്ചടി) 2/04/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള " 2004-ലെ കേരള ബാർബർ തൊഴിലാളി ക്ഷേമ പദ്ധതി" .

vi) 1-3-2011-ലെ സ.ഉ. (കൈ) 45/2011/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം രൂപീകരിച്ചിട്ടുള്ള " 2011-ലെ കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി" .

പുതിയ പദ്ധതി നിലവിൽ വന്ന തീയതി മുതൽ മേൽപ്പറഞ്ഞ പദ്ധതികളിൽ അംഗമായിട്ടുള്ള തൊഴിലാളികൾ പുതിയ പദ്ധതിയിലെ അംഗങ്ങളായി കരുതപ്പെടുന്നതാണ്. മറ്റ് ക്ഷേമപദ്ധതികളിൽ അംഗങ്ങളല്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും ഈ പദ്ധതിയിൽ അംഗമാകാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. തൊഴിലാളി വിഹിതമായ 50 രൂപയും തൊഴിലുടമാ വിഹിതമായ 50 രൂപയും ചേർത്ത് പ്രതിമാസം 100 രൂപയാണ് പദ്ധതിയിലേയ്ക്കുള്ള അംശദായം.

കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഓഫീസുകളും തസ്തികകളും 2-2-2016 -ലെ സ.ഉ.(പി) നമ്പർ.24/2016/ തൊഴിൽ (11-2-2016 -ലെ 134/2016 എസ്.ആർ.ഒ.) ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റേതാക്കി മാറ്റി പുനർനാമകരണം ചെയ്ത് 23-2-2017-ൽ ഉത്തരവായി. 22-8-2017 -ൽ ടി ബോർഡിന്റെ ആദ്യ യോഗം നടന്നു. 25-10-2017 -ലെ ഉത്തരവു പ്രകാരം പുതിയ ബോർഡിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട എല്ലാ പദ്ധതികളുടെയും ഫയലുകളും രജിസ്റ്ററുകളും ആസ്തി ബാദ്ധ്യതകളും പുതിയ ബോർഡിന് കൈമാറാൻ ഉത്തരവായി. അപ്രകാരം 2017-18 കാലയളവിൽ ടി പദ്ധതികൾ കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതിയിൽ കൂട്ടിച്ചേർക്കപ്പെട്ടു.

ടി ബോർഡിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട സ്ഥാപനങ്ങളുടെ വാർഷിക/ ഓഡിറ്റ് റിപ്പോർട്ടുകൾ ആദ്യ സ്ഥാപനമാണ് നൽകേണ്ടതെന്നതിനാൽ അപ്രകാരം അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി, ബാർബർ ബ്യൂട്ടീഷൻ തൊഴിലാളി ക്ഷേമ പദ്ധതി, ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതി, പാചക തൊഴിലാളി ക്ഷേമപദ്ധതി എന്നിവയുടെ റിപ്പോർട്ട് സമർപ്പിക്കാൻ ലേബർ വെൽഫെയർ ഫണ്ട് ബോർഡിനും കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും ക്ഷേത്ര ജീവനക്കാരുടെ ക്ഷേമപദ്ധതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കാൻ കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിനും നിർദേശം നൽകിയിരുന്നു.

ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന കേരള പാചക തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളെ ചേർക്കുകയോ പദ്ധതി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല, കേരള ബാർബർ ബ്യൂട്ടീഷൻ ക്ഷേമപദ്ധതിയുടെ 2012-13 മുതൽ 2016-17 വരെയും അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയുടെ 2011-12 മുതൽ 2016-17 വരെയും കേരള ഗാർഹിക തൊഴിലാളി ക്ഷേമപദ്ധതിയുടെ 2014-15 മുതൽ 2016-17 വരെയും കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതിയിലെ 2011-12 മുതൽ 2017-18 വരെയുമുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശികയായിട്ടുണ്ട്.

ഓഡിറ്റ് നടത്തുന്നതിന് കാലതാമസം ഉണ്ടായതുകൊണ്ടും ആദ്യ മൂന്ന് ക്ഷേമ പദ്ധതികളുടെയും ജില്ലാ ഓഫീസുകളിൽ ഉൾപ്പെടെ രജിസ്റ്ററുകളും മറ്റും റെക്കോർഡുകളും 2017 വർഷം കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിന് കൈമാറി നൽകിയിട്ടുള്ളതും തിരികെ വാങ്ങി ഓഡിറ്റ് നടത്തേണ്ടതും മൂലമാണ് റിപ്പോർട്ട് നൽകുവാൻ വൈകുന്നതെന്നും കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമ പദ്ധതിയുടെ 2011-12 മുതൽ ടി പദ്ധതി പുതിയ ബോർഡിലേക്ക് കൂട്ടിച്ചേർത്ത 2018 മേയ് ഒമ്പതാം തീയതി വരെയുള്ള വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭാസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

## ഭാഗം II

## സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തവ ചുവടെ ചേർക്കുന്നു

### ശിപാർശ 26

### കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

പ്രസ്തുത സ്ഥാപനത്തിന്റെ 2016-17 വരെയുള്ള കുടിശിക റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം സഭയിൽ സമർപ്പിക്കുവാനും കുടിശിക ഒഴിവാക്കുവാനും റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് സ്വീകരിച്ച നടപടി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദേശിക്കുന്നു.

### പൊതുശിപാർശ 51

തൊഴിൽ വകുപ്പിൽ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് പരിശോധിക്കുന്നതിനായി ഉന്നതഉദ്യോഗസ്ഥ തലത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാനും റിപ്പോർട്ടുകൾ സംബന്ധിച്ച് സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ചുള്ള നടപടി റിപ്പോർട്ട് വകുപ്പ് സെക്രട്ടറി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തൊഴിൽ വകുപ്പിന് കീഴിലുള്ള പല സ്ഥാപനങ്ങളും റിപ്പോർട്ട് സമർപ്പണത്തിൽ നിരവധി വർഷങ്ങളുടെ കുടിശിക വരുത്തുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമസഭയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത കൈവരിക്കുന്നതിനുവേണ്ടിയാണ് സമിതി (2016-19) യുടെ രണ്ടാമത് റിപ്പോർട്ട് തയ്യാറാക്കിയത്. എന്നാൽ ടി റിപ്പോർട്ടിലെ ഖണ്ഡിക 26, 51 എന്നിവയുടെ നടപടി റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് തൊഴിൽ വകുപ്പിലേയ്ക്ക് നിരവധി കത്തുകളയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാതിരുന്നത് സമിതിയോടുള്ള തികഞ്ഞ അനാദരവായി സമിതി കണക്കാക്കുന്നു. സമിതി റിപ്പോർട്ടുകളോടും സമിതി നിർദേശങ്ങളോടും ശിപാർശകളോടുമുള്ള വകുപ്പിന്റെ നിഷേധാത്മക നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഭാവിയിൽ ഇത്തരം അനാസ്ഥ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകരുതെന്നും സമിതി ശിപാർശകൾ സംബന്ധിച്ച നടപടി റിപ്പോർട്ട് സമയബന്ധിതമായും കൃത്യമായും ലഭ്യമാക്കുന്നതിൽ വകുപ്പ് കൂടുതൽ ഉത്തരവാദിത്വം കാണിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

പി.സി. വിഷ്ണുനാഥ്,
അദ്ധ്യക്ഷൻ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം,
10 ജൂലൈ 2024

റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അവസാനം റിപ്പോർട്ട് സമർപ്പിച്ച വർഷം |
|---|---|---|
| 1. | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-22 |
| 2. | കോംപ്രഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി(ചിയാക്) | 2015-16 |
| 3. | കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (1-1-2014-ൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിൽ (KASE) -ൽ ലയിപ്പിച്ചു.)<br>KASE -ന്റെ 2021-22 -ലെ വാർഷിക റിപ്പോർട്ട് വരെ സഭയിൽ സമർപ്പിച്ചു. | 2012-13 |
| 4. | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ആൻഡ് റിസർച്ച് | 2017-18 |
| 5. | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് | 2018-19 |
| 6. | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 2020-21 |
| 7. | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് | 2021-22 |
| 8. | കേരള ആർട്ടിസാൻസ് & സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീം | 2016-17 |
| 9. | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2022-23 |
| 10. | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | 2015-16 |
| 11. | കേരള ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി ബോർഡ് | 2021-22 |

| | | |
|---|---|---|
| 12. | കേരള കശുവണ്ടി  തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2021-22 |
| 13. | കേരള കൈത്തറി  തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-22 |
| 14. | കേരള ബീഡി,സിഗാർ  വർക്കേഴ്സ് വെൽഫെയർ ക്ഷേമനിധി ബോർഡ് | 2022-23 |
| 15. | ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ഒഡെപെക്) | 2021-22 |
| 16. | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-21 |
| 17. | കേരള ആട്ടോമൊബൈൽ വർക് ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2022-23 |
| 18. | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2022-23 |
| 19. | കേരള ബാർബർ ആന്റ് ബ്യൂട്ടീഷൻസ് വർക്കേഴ്സ് വെൽഫെയർ സ്കീം & കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി | 2011-12 |
| 20. | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2017-18 |
| 21. | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-21 |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.